# എ.ഡി.ബി യും ബഡ്ജറ്റും കേരളീയവും

**അഡ്വ. ആർ.സജു**

ധനകാര്യമന്ത്രി അവതരിപ്പിച്ച ഇപ്പോഴത്തെ ബഡ്ജറ്റ് എ.ഡി.ബി.യുടെ നിർദ്ദേശപ്രകാരം വിദേശ കൺസൾട്ടൻസി തയ്യാറാക്കിയതായി പരക്കെ അഭിപ്രായം ഉയർന്നിട്ടുള്ളതാണ്. ഈ ബഡ്ജറ്റ് ആഗോളവൽക്കരണത്തിന്റെ അജണ്ട നടപ്പാക്കുന്നതിന് പ്രത്യേകം രൂപപ്പെടുത്തിയതാണ്. കേരളീയം 99 മാർച്ച്, 99 നവമ്പർ, 2000 മാർച്ച് ലക്കങ്ങളിൽ നല്കിയിരുന്ന മുന്നറിയിപ്പുകൾ ഇപ്പോൾ യാഥാർത്ഥ്യമായിരിക്കുകയാണ്.

### കുടിവെള്ള വിതരണം സ്വകാര്യവൽക്കരിക്കാൻ നീക്കം (1999 മാർച്ച്)

ഈ തലക്കെട്ടിൽ പ്രസിദ്ധീകരിച്ച ലേഖനത്തിൽ ഞങ്ങൾ അന്ന് പറഞ്ഞു "ബ്രിട്ടീഷ് ഡിപ്പാർട്ട്മെന്റ് ഓഫ് ഡ്രഗ്സ് ആന്റ് ഇൻഡസ്ട്രിയും ബ്രിട്ടീഷ് ഹൈക്കമ്മീഷനും, കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസും ചേർന്നാണ് സ്വകാര്യവൽക്കരണത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നത്. പെട്ടെന്നുള്ള എടുത്തുചാട്ടം പ്രതികൂലമാകും എന്നുള്ളതിനാൽ സൂക്ഷ്മമായാണ് സ്വകാര്യവൽക്കരണത്തിനുള്ള കരുക്കൾ നീക്കുന്നത്. ഇടവിട്ടുള്ള പൈപ്പ്പൊട്ടലും, ജലദൗർലഭ്യവും ജലത്തിന്റെ ഗുണനിലവാരക്കുറവും സ്വകാര്യവൽക്കരണത്തിന് അനുകൂലസാഹചര്യമാക്കി മാറ്റാൻ അവർ ശ്രമിക്കുന്നുണ്ട്. 2002 മാർച്ച് 1ന് ഗവർണറുടെ നയനയപ്രഖ്യാപനപ്രസംഗം മാതൃഭൂമിദിനപത്രം റിപ്പോർട്ട് ചെയ്തതിന്റെ ആദ്യവരി ഇപ്രകാരമായിരുന്നു. "കുടിവെള്ളപദ്ധതികൾ മുതൽ ടൗൺഷിപ്പ് നിർമ്മാണംവരെയുള്ള ആവശ്യങ്ങൾക്ക് സംസ്ഥാനത്ത് ഇനി സ്വകാര്യപങ്കാളിത്തമെന്ന് വ്യക്തമാക്കുന്നു. ഗവർണർ സുഖ്ദേവ് സിങ്ങ് കാങ്ങ് നിയമസഭയിൽ നടത്തിയ നയപ്രഖ്യാപനപ്രസംഗത്തിൽ ഇക്കാര്യം വ്യക്തമാക്കി.

ജലവിതരണസംവിധാനം കുറ്റമറ്റതാക്കാനായുള്ള സ്വകാര്യവൽക്കരണ ഗവൺമെന്റ് പ്രോൽസാഹിപ്പിക്കുന്നത് 1998 മുതൽ ചില ബ്രിട്ടീഷ് ജല വിതരണ കമ്പനികൾ നടത്തിയ ഗൂഢനീക്കങ്ങളുടെ വിജയമായിരുന്നു അത്. അവർ അന്ന് നടത്തിയ നീക്കങ്ങൾ അക്കമിട്ട് നിരത്തികൊണ്ടുള്ളതായിരുന്നു കേരളീയത്തിന്റെ റിപ്പോർട്ട്. അന്ന് ആരും അത്ര ശ്രദ്ധിച്ചിരുന്നില്ല, കുടിവെള്ളവിതരണം ആരും ഒരിക്കലും സ്വകാര്യവൽക്കരിക്കില്ല എന്നും പറഞ്ഞു.

### ADB വായ്പയും അവരുടെ നിബന്ധനകളും (കേരളീയം നവമ്പർ 1999)




'സാരിയും ചുരിദാറും വിദേശകുത്തകകൾക്ക് തലവേദനയാവുമ്പോൾ' എന്ന ലേഖനത്തിൽ, ADB വായ്പ നല്കുന്നത് അത് ബഹുരാഷ്ട്ര കുത്തകകൾക്ക് ലാഭമുണ്ടാക്കുന്നതിന് വേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കാൻ വേണ്ടിയാണ് എന്നും അതിനുവേണ്ടി അവരുടെ നിബന്ധനയിൽ നാം ഒപ്പിടേണ്ടിവരുമെന്നും ഞങ്ങൾ വ്യക്തമാക്കിയിരുന്നു. ഇത് സംബന്ധിച്ച് ADB ഏഷ്യൻ രാജ്യങ്ങളിൽ നടത്തുന്ന ഒപ്പറേഷനുകളെക്കുറിച്ചും വിശദീകരിച്ചിരുന്നു. ആ ലേഖനത്തിലെ ചില വരികൾ ചുവടെ ചേർക്കാം........ചിത്രം 1 നോക്കുക. വേൾഡ് എക്സിക്യൂട്ടീവ് ഡൈജസ്റ്റിൽ പ്രസിദ്ധീകരിച്ചത്. ആ പരസ്യത്തിൽ പച്ചയായിത്തന്നെ പറയുന്നു. "ഇന്നാണ് സമയം നാളെയ്ക്ക് വെച്ചാൽ ഏറെ വൈകും. ലോകബാങ്കും ADBയും നമുക്കുവേണ്ടി അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നു എന്ന് പരസ്യത്തിന്റെ ഏറ്റവും ഒടുവിൽ വിയറ്റ്നാമിൽനിന്നും ചെങ്കോടി കടലിലേക്ക് താഴുന്ന ഒരു ചിത്രവും കൊടുത്തിട്ടുണ്ട്.

"ലോകബാങ്ക്, ഐ.എം..എഫ്, എ.ഡി.ബി., മറ്റു മൾട്ടി ലാറ്ററൽ സാമ്പത്തിക സഹായ സംഘടനകൾ ഇവയൊക്കെ ഒരുക്കുന്ന അടിസ്ഥാന സൗകര്യങ്ങളെ പ്രയോജനപ്പെടുത്തി ബഹുരാഷ്ട്രകുത്തകകളുടെ ഉത്പന്നങ്ങൾ വിറ്റുപോകുന്നതിനുവേണ്ടിയുള്ള വളക്കൂറുള്ള മണ്ണ് ഉണ്ടാകുന്നത്." ആ ലേഖനം ഞങ്ങൾ അവസാനിപ്പിച്ചത് ഇങ്ങനെയായിരുന്നു. 'സിംഗപ്പൂരും തയ്‌ലന്റും കേന്ദ്രീകരിച്ച് അവരുടെ പ്രാദേശിക ഓപ്പറേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. നമ്മൾ അടക്കമുള്ള ഏഷ്യൻ രാജ്യങ്ങൾ എങ്ങനെ ചിന്തിക്കണം, എന്ത് ആസ്വദിക്കണം എന്ത് ആഹാരം കഴിക്കണം, എങ്ങനെ തുണി ഉടുക്കണം, എങ്ങനെ ജീവിക്കണം എന്നൊക്കെ തീരുമാനിക്കുന്നത് ഈ കമ്പനിയാണ്. ഒരു രണ്ടാം കോളനിവത്ക്കരണമാണ് ഈ അധിനിവേശത്തിലൂടെ ഇവിടെ നടപ്പിലാകുന്നത്. ലജ്ജിക്കുക, നമ്മൾ ഇപ്പോഴും അടിമകൾ തന്നെ, മുന്നത്തേക്കാൾ മോശപ്പെട്ട തരം അടിമകൾ".

### വീട്ടുജോലിക്കാരുടെ ക്ഷേമപദ്ധതി

പുതിയ ബഡ്ജറ്റ് എടുത്തുപറയാൻ കഴിയുന്ന ഏക ക്ഷേമപദ്ധതി "വീട്ടുജോലിക്കാരുടെ ക്ഷേമനിധിയാണ്." പുരോഗമനപരവും സ്വാഗതാർഹവുമായ കാര്യം. അശരണരും, അസംഘടിതരും, അവഗണിക്കപ്പെട്ടവരുമായ വീട്ടുജോലിക്കാർക്ക് ക്ഷേമപദ്ധതികൊണ്ടുവന്നതിനെ ആരെങ്കിലും എതിർക്കുമെന്ന് തോന്നുന്നില്ല.

എന്നാൽ ഈപദ്ധതി "വീട്ടുജോലി" എന്ന തൊഴിൽ തന്നെ ഉൻമൂലനം ചെയ്യും. അതിനുവേണ്ടിയുള്ള ദീർഘവീക്ഷണത്തോടുകൂടിയാണ് ഇത്. വീട്ടുജോലിക്കാരുടെ സംഘടനയോ, ഏതെങ്കിലും സംഘടിത പ്രസ്ഥാനമോ പാർട്ടികളോ ഇത്തരം ഒരു ആവശ്യം മുന്നോട്ടു വെച്ചിട്ടില്ല. പിന്നെ ആരുടെ താൽപര്യപ്രകാരമാണ് ഈ പദ്ധതി കൊണ്ടുവന്നത്? വാഷിങ്ങ്മെഷിനും ഫ്രിഡ്ജും വാക്വംക്ലീനറും ഉൽപാദിപ്പിക്കുന്ന ബഹുരാഷ്ട്ര കമ്പനികളുടെ താൽപര്യപ്രകാരം.

വീട്ടുജോലിക്കാർ സംഘടിതമാകുന്നതിലൂടെ ട്രേഡ് യൂണിയനുകളും അഫിലേഷൻ എടുക്കുന്നതിലൂടെ ശമ്പളവർദ്ധനവും കൂടുതൽ അവകാശങ്ങൾ നേടിയെടുക്കുന്നതിനുള്ള ശ്രമങ്ങളും തുടരും. ക്ഷേമനിധി വിഹിതവും ഒരു പറ്റം വ്യവസായികൾ യന്ത്രവൽക്കരണം വഴി തൊഴിലാളികളെ കുറച്ചതുപോലെ ഗാർഹിക ഉപകരണങ്ങളിലൂടെ വീട്ടുജോലിക്കാരെ ഇല്ലാതാക്കണം. യന്ത്രത്തിന് നല്കുന്നതിനെക്കാൾ കുറഞ്ഞ ചെലവാണ് വീട്ടുജോലികൾക്ക്. വീട്ടുജോലികളുടെ ശമ്പളം കൂടുന്നതിലൂടെയും, അവർ പ്രശ്നമാകുന്നതിലൂടെ ഗൃഹോപകരണങ്ങളുടെ വൻപിളർപ്പിൽ കുതിച്ചിട്ട് 2000 മാർച്ചിലെ കേരളീയത്തിൽ ഞങ്ങൾ എഴുതി. "വാഷിംഗ് മെഷീന്റെ വില്പനക്ക് തടസ്സം നിൽക്കുന്നത് ഒന്ന് കുറഞ്ഞ കൂലിക്ക് ലഭ്യമായ വീട്ടുജോലിക്കാർ, രണ്ട് ഇന്ത്യയിലെ മുഴുവൻ ഗ്രാമങ്ങൾക്കും ഉള്ള ദരിദ്രരായ അലക്കുകാർ. ഈ രണ്ട് ഘട്ടങ്ങൾക്കും മാറ്റം സംഭവിക്കാതെ വാഷിങ്ങ് മെഷിന്റെ വിൽപ്പനയിൽ വർദ്ധനവ് സാധ്യമല്ല എന്ന നിഗമനത്തിൽ അവർ എത്തിച്ചേരുകയും ചെയ്തു. വീട്ടുജോലിക്കാരെ നേരിടാനുള്ള എന്തെങ്കിലും പദ്ധതികൾ അവർ ആവിഷ്കരിക്കുമോ? എന്തോ കാത്തിരുന്നു കാണാനേ നിവർത്തിയുള്ളൂ. അതോ അവരുടെ മുമ്പിൽ ഗോദറേജ് ജി.ഇ.സംഘ്യം മുട്ടുകുത്തുമോ"?

അവർ മുട്ടുകുത്തിയില്ല വീട്ടുജോലിക്കാരെ മുട്ടുകുത്തിക്കാൻ അവർ സർക്കാരിനെ കൊണ്ടുതന്നെ പദ്ധതി തയ്യാറാക്കി.

**സ്നേഹ**
നൈസർഗ്ഗിക ചികിത്സാ കേന്ദ്രം
കിഴക്കേനട, തൃപ്രയാർ, പോസ്റ്റ്: പെരിങ്ങോട്ടുകര, തൃശൂർ
Tel: 0487-392406, E-mail: sneha_cure@hotmail.com